# പോലീസ് വകുപ്പ്

കേരളം

**No. B1-4014/2021/NZ**

സോണൽ ഓഫീസ് (നോർത്ത്),
കോഴിക്കോട്
✉igpnz.pol@kerala.gov.in
✆04952368500

തീയതി. 03-03-2021

**ലേല പരസ്യം**

ഉത്തരമേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലുടെ ഓഫീസ് വളപ്പിലുള്ള തെങ്ങുകളിൽ നിന്നും 01.04.2021 മുതൽ 31.03.2022 വരെയുള്ള ഒരു വർഷത്തേക്ക് വിളവുകൾ എടുക്കുന്നതിനുള്ള അവകാശം 2021 മാർച്ച് മാസം 08 ന് പതിനൊന്നു മണിക്ക് ഉത്തരമേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലുടെ ഓഫീസ് പരിസരത്ത് വച്ച് ഉത്തര മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, ലേല നിബന്ധനകൾക്ക് അനുസൃതമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നേരിട്ട് ലേല സമയത്ത് വരേണ്ടതും ലേലം തുടങ്ങുന്നതിന് മുൻപ് ₹: 500/- രൂപ നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ഏറ്റവും കൂടിയ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതും ടിയാൻ ഉടൻ തന്നെ വിളിച്ച മുഴുവൻ സംഖ്യയും അനുബന്ധമായ ജി.എസ്.ടി യും, സെസ്സും ലേലസ്ഥലത്ത് വച്ച് തന്നെ അടക്കേണ്ടതുമാണ്. മറ്റുള്ളവർ അടച്ച നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ മടക്കികൊടുക്കുന്നതാണ്.

ലേലനിബന്ധനകൾക്ക് വിരുദ്ധമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടി അവകാശം പുനർ ലേലം ചെയ്യുന്നതും അതുമൂലം സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുക സർക്കാരിലേക്ക് ലഭിക്കുകയാണെങ്കിൽ ആദ്യ ലേലക്കാരന് അതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

യാതൊരു കാരണവും കാണിക്കാതെ ആവശ്യമെങ്കിൽ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ, നിർത്തിവെക്കുന്നതിനോ ഉള്ള അധികാരം ഉത്തര മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലിൽ നിക്ഷിപ്തമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച തിയ്യതി അവധി ദിനമായാൽ അടുത്ത പ്രവർത്തി ദിവസം നിബന്ധനകൾക്ക് വിധേയമായി ലേലം നടത്തുന്നതാണ്.

അശോക് യാദവ് ഐപിഎസ്
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : പോലീസ് ഇൻസ്പെക്ടർ, നടക്കാവ് പോലീസ് സ്റ്റേഷന് അനന്തരനടപടികൾക്കായി

പകർപ്പ് : ഡി.ഐ.ജി & ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റിക്ക് അറിവിലേക്കായി

B1-4014/2021/NZ e288e7